(ഡി) നിലവിലുള്ള സംവിധാനം പരമാവധി പ്രയോജനപ്പെടുത്തി പരിശോധന ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തിൽ കുറച്ചു കൂടി ശ്രദ്ധചെലുത്താൻ നിർദ്ദേശം നൽകുന്നതാണ്.

സ്വർണ്ണത്തിന്റെ പ്യൂരിറ്റി പരിശോധിക്കാൻ സംവിധാനം

86(2884) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വർണ്ണക്കടകളിലൂടെ വിൽക്കപ്പെടുന്ന സ്വർണ്ണത്തിന്റെ പ്യൂരിറ്റി പരിശോധിക്കുവാൻ സർക്കാർതലത്തിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(ബി) സ്വർണ്ണത്തിന്റെ മേന്മ കുറച്ചു വിറ്റതിന് ഏതെങ്കിലും കടയ്ക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന സ്വർണ്ണത്തിന്റെ മേന്മ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സർക്കാർ ആധുനിക ടെസ്റ്റിംഗ് സാമഗ്രികൾ ഉള്ള ലാബറട്ടറികൾ സ്ഥാപിക്കുമോ?

ഉത്തരം

(എ) നോൺ ഡിസ്ട്രിക്ടീവ് മെത്തഡിൽ പരിശോധിക്കുവാൻ സാധിക്കുമോ എന്നതു സംബന്ധിച്ച് പഠനം നടന്നുവരികയാണ്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ റീജിയണൽ റിസർച്ച് ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻ ശ്രീ. സി.എസ്.അയ്യരെ പഠനത്തിന്റെ ചുമതല ഏൽപ്പിച്ചിരിക്കുകയാണ്.

(ബി) ഇല്ല.

(സി മേൽസൂചിപ്പിച്ച പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി ജൂനിയർ ഐ.എ.എസ്.കാരെ നിയമിക്കുവാനുള്ള തീരുമാനം

87 (2885) ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി ജൂനിയർ ഐ.എ.എസ്സുകാരെ നിയമിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ എത്ര ജില്ലകളിൽ ഐ.എ.എസ്സുകാർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചില ജില്ലകളിൽ ഐ.എ.എസ്സുകാരല്ലാത്തവരെ നിയമിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

ഉത്തരം

(എ) ജില്ലാ പഞ്ചായത്തു സെക്രട്ടറിമാരായി ഐ.എ.എസ്സുകാരെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly